# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

76

www.industry.kerala.gov.in

15 JANUARY 2025


INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# ലോകത്തെ ക്ഷണിച്ച് കേരളം

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 – യുഎഇ സാമ്പത്തിക മന്ത്രി ശ്രീ. അബ്ദുള്ള ബിൻ തൗഖ് അൽ മാരി മുഖ്യ അതിഥി



കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിയിൽ യുഎഇ സാമ്പത്തിക മന്ത്രി ശ്രീ. അബ്ദുള്ള ബിൻ തൗഖ് അൽ മാരി മുഖ്യ അതിഥികളിൽ ഒരാളായി പങ്കെടുക്കും. 2025 ജനുവരി 14ന് യുഎഇ യിൽ ചേർന്ന യോഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് കേരളത്തിന്റെ വ്യവസായ വളർച്ചയെ നേരിട്ട് കണ്ടു വിലയിരുത്തുന്നതിനായി അദ്ദേഹത്തെ ക്ഷണിക്കുകയായിരുന്നു. കേരളത്തിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം പങ്കെടുക്കുമെന്ന് ഉന്നതതല ഉദ്യോഗസ്ഥർ വ്യക്തമാക്കി. യുഎഇയിലെ പ്രമുഖ ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന ഒരു പ്രതിനിധി സംഘവും ബഹു. മന്ത്രിയെ അനുഗമിക്കും.

## അബുദാബി ചേംബർ ഓഫ് കൊമേഴ്സും പങ്കാളിത്തം അറിയിക്കും



അബുദാബി ചേംബർ ഓഫ് കൊമേഴ്സും നിക്ഷേപക സംഗമത്തിന് പ്രത്യേക സംഘത്തെ അയയ്ക്കും. ചേംബർ ഓഫ് കൊമേഴ്സ് ചെയർമാനും ഡിപ്പാർട്ട്മെൻറ് ഓഫ് ഇക്കണോമിക് ഡെവലപ്മെൻറ് തലവനുമായ ശ്രീ. അഹമ്മദ് ജാസിം, ഫസ്റ്റ് വൈസ് ചെയർമാൻ ഡോ. സഈദ് ബിൻ ഹർമാൽ അൽ ദഹേരി, സെക്കൻഡ് വൈസ് ചെയർമാൻ ഡോ. ഷാമിസ് അലി ഖൽഫാൻ അൽ ദഹേരി എന്നിവർ ബഹു. നിയമ വ്യവസായ മന്ത്രി കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

പ്രാഥമിക പരിശോധനകൾക്കായി ചേംബറിൻറെ ഉദ്യോഗസ്ഥ സംഘത്തെ കേരളത്തിലേക്ക് അയയ്ക്കുമെന്ന് ചേംബർ ഓഫ് കൊമേഴ്സ് ചെയർമാനും ഡിപ്പാർട്ട്മെൻറ് ഓഫ് ഇക്കണോമിക് ഡെവലപ്മെൻറ് തലവനുമായ ശ്രീ. അഹമ്മദ് ജാസിം അറിയിച്ചു. ലഭ്യമായ സ്ഥലങ്ങൾ പരിശോധിക്കുന്നതിനും നിക്ഷേപ മേഖലകൾ വിലയിരുത്തുന്നതിനുമാണ് ഉദ്യോഗസ്ഥ സംഘത്തെ അയയ്ക്കുന്നത്.

## നിക്ഷേപക സംഗമത്തിന്റെ ഭാഗമായുള്ള റോഡ് ഷോ യുഎഇ യിൽ




2025 ഫെബ്രുവരിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായുള്ള റോഡ് ഷോ യുഎഇ യിൽ സംഘടിപ്പിച്ചു. മുംബൈ, ചെന്നൈ, ബംഗളൂരു തുടങ്ങി ഇന്ത്യൻ വൻ നഗരങ്ങളിൽ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഭാഗമായുള്ള റോഡ് ഷോകൾ പൂർത്തിയാക്കിയ ശേഷമാണ് ആഗോള തലത്തിൽ മറ്റ് രാജ്യങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന തരത്തിൽ യുഎഇ ഉൾപ്പെടെയുള്ള തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചിരിക്കുന്നത്.




2025 ജനുവരി 14ന് താജ് ദുബായിൽ നടന്ന നിക്ഷേപക റോഡ്ഷോ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു . യുഎഇയിലെ ഇന്ത്യൻ അംബാസഡർ ശ്രീ സഞ്ജയ് സുധീർ സന്നിഹിതനായിരുന്നു. കേരളത്തിന്റെ വ്യാവസായിക മേഖലയെക്കുറിച്ചുള്ള ദീർഘകാല തെറ്റിദ്ധാരണകളെ തിരുത്തി കൊണ്ടും സംസ്ഥാനത്തിന്റെ വ്യാവസായിക നേട്ടങ്ങളുടെ ശ്രദ്ധേയമായ സ്ഥിതിവിവരക്കണക്കുകൾ എടുത്തു കാട്ടിയുമായിരുന്നു ബഹു. മന്ത്രി നിക്ഷേപക സമൂഹത്തെ അഭിസംബോധന ചെയ്തത്.

### അന്താരാഷ്ട്ര നിക്ഷേപക സംഗമം:

## യുഎഇ പ്രത്യേക സംഘത്തെ അയക്കും




സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൽ (ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025) പങ്കെടുക്കുന്നതിന് യുഎഇ പ്രത്യേക സംഘത്തെ അയക്കും. സംഗമത്തിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണം യുഎഇ സ്വീകരിച്ചു. ബഹു. യുഎഇ നിക്ഷേപ വകുപ്പ് മന്ത്രി ശ്രീ. മുഹമ്മദ് ഹസൻ അൽ സുവൈദി, ബഹു. നിയമ വ്യവസായ മന്ത്രി കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവുമായി അബുദാബിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്.

നിക്ഷേപക സംഗമത്തിന് പ്രത്യേക സംഘത്തെ അയക്കുമെന്ന് ബഹു. യു.എ.ഇ. നിക്ഷേപ വകുപ്പ് മന്ത്രി ശ്രീ. മുഹമ്മദ് ഹസൻ അൽ സുവൈദി അറിയിച്ചു. കേരളത്തിൽ ലോജിസ്റ്റിക്സ്, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപത്തിന് താൽപര്യമുള്ളതായി അദ്ദേഹം പറഞ്ഞു. നിക്ഷേപ സംഗമത്തിൽ പങ്കെടുക്കുന്ന പ്രത്യേക സംഘം ഇക്കാര്യങ്ങൾ വിലയിരുത്തും. നിക്ഷേപ സംഗമത്തിൽ യുഎഇയെ പങ്കാളിത്ത രാഷ്ട്രമാക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രിസഭ ഇക്കാര്യം ചർച്ച ചെയ്യുമെന്നും ബഹു. മന്ത്രി പറഞ്ഞു. ലുലു ഗ്രൂപ്പ് ചെയർമാൻ ശ്രീ. എം.എ യൂസഫലി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, ഒ.എസ്.ഡി. ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ് തുടങ്ങിയവർ 2025 ജനുവരി 13ന് യു.എ.ഇ.യിൽ നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

# സെഞ്ചുറി ക്ലബ്ബിൽ 1000 സംരംഭങ്ങൾ ലക്ഷ്യം

## സംസ്ഥാനത്തെ വ്യവസായാന്തരീക്ഷത്തിന് വിശ്വാസ്യതയേറ്റി മിഷൻ 1000 കോൺക്ലേവ്

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന മിഷൻ 1000 പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത 260 സംരംഭങ്ങൾക്കും പദ്ധതി നടപ്പാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കുമായി കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച 'മിഷൻ 1000 കോൺക്ലേവ്' ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ അവലോകന യോഗവും തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ നാലുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ 1000 എംഎസ്എംഇകളെ ശരാശരി 100 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള സംരംഭങ്ങളാക്കി ഉയർത്താനുള്ള പദ്ധതിയാണ് മിഷൻ 1000.

'സംസ്ഥാന സർക്കാരിന്റെ വ്യവസായനയങ്ങളുടെ ഭാഗമായി രൂപപ്പെട്ട പുതിയ വ്യവസായാന്തരീക്ഷത്തിന് ആഗോളതലത്തിൽ വിശ്വാസ്യത വർധിച്ചെന്ന്' ബഹു. മന്ത്രി പറഞ്ഞു. 'സർക്കാരിന് എംഎസ്എംഇ സംരംഭകരിലുള്ള പ്രത്യേക താൽപ്പര്യമാണ് ഈ പദ്ധതി വ്യക്തമാക്കുന്നത്. ഉൽപ്പാദനത്തിലും മാനേജ്മെന്റിലും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി, വെല്ലുവിളികൾ കൃത്യമായി മനസ്സിലാക്കി അവ സാധ്യതകളാക്കിമാറ്റാൻ പ്രോത്സാഹിപ്പിക്കുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ചെയ്യുന്നത്. അതിന് ആവശ്യമായ എല്ലാ പിന്തുണയും ലഭ്യമാക്കും. ആദ്യം 100 കോടി രൂപ വരുമാനം നേടുന്ന സംരംഭത്തിന് പുരസ്കാരം നൽകുമെന്നും' അദ്ദേഹം പറഞ്ഞു.

സെഞ്ചുറി ക്ലബ്ബിലേക്ക് ആയിരം സംരംഭങ്ങളെ കണ്ടെത്താനാണ് മിഷൻ 1000 ലക്ഷ്യമിടുന്നത്. വിവിധ മാനദണ്ഡങ്ങൾ പരിശോധനാസമിതി നിശ്ചയിച്ചതിൽ 60 മാർക്ക് നേടിയാണ് 260 യൂണിറ്റുകൾ യോഗ്യതനേടിയത്. നിലവിലുള്ള സംരംഭകരിൽനിന്ന് നിക്ഷേപം, വാർഷിക വിറ്റുവരവ്, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാരുടെ ക്ഷേമം, ഉടമകളുടെ സിബിൽ സ്കോർ എന്നിവ പരിഗണിച്ചാണ് 260 പേർക്ക് യോഗ്യത ലഭിച്ചത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ




ഡയറക്ടർ ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്, അഡി. ഡയറക്ടർമാരായ ഡോ. കെ. എസ്. കൃപകുമാർ, ശ്രീ. ജി. രാജീവ്, എസ്എൽബിസി കേരള കൺവീനർ ശ്രീ. കെ. എസ്. പ്രദീപ്, കെ - ഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. പി. എം. റിയാസ്, കെഎസ്ഐഡിസി ജനറൽ മാനേജർ ശ്രീ. വർഗീസ് മാളക്കാരൻ, കെഎസ്എസ്ഐഎ വൈസ് പ്രസിഡന്റ് ശ്രീ. പി ജെ ജോസ് തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

# വ്യവസായ രംഗത്ത് വമ്പൻ നിക്ഷേപങ്ങൾ സ്വീകരിക്കാനൊരുങ്ങി കേരളം

വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള കേരളത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് - 2025 ന് അരങ്ങൊരുങ്ങുന്നു. 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് ഉച്ചകോടി. ആഗോള നിക്ഷേപകരെയും വ്യവസായ പ്രമുഖരെയും നയരൂപീകരണ വിദഗ്ധരെയും ഒരുമിച്ചു കൊണ്ടുവരുന്നതിൽ നാഴികക്കല്ലായിരിക്കും ഈ സമ്മേളനം. 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' എന്ന പ്രമേയത്തിൽ നടക്കുന്ന ഉച്ചകോടി മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമെന്ന കേരളത്തിന്റെ നേട്ടം നിലനിറുത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷ.

നിക്ഷേപകർക്ക് പുതിയ സഹകരണങ്ങൾക്കും പങ്കാളിത്തങ്ങൾക്കുമുള്ള അവസരങ്ങൾ നൽകുന്ന സമ്മേളനം കേരളത്തിന്റെ ഭാവി വ്യവസായ വളർച്ചയ്ക്ക് ഊർജ്ജമേകുമെന്ന് ഉറപ്പാണ്. വിവിധ വ്യവസായ മേഖലകളിൽ നിലവിലുള്ള വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകളും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള തുടർ പദ്ധതികളും ചർച്ച ചെയ്യും. ചർച്ചകൾ, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ, സെക്ടറുകൾ കേന്ദ്രീകരിച്ചുള്ള അവതരണങ്ങൾ എന്നിവ ഉച്ചകോടിയിൽ നടക്കും. വിവിധ മേഖലകളിലെ നൂറോളം പ്രഭാഷകർ പങ്കെടുക്കും.

**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് അരങ്ങൊരുങ്ങുന്നു**

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI



### ഊന്നൽ നൽകുന്ന മേഖലകൾ

എയ്റോ സ്പേസ് ആൻഡ് ഡിഫൻസ്, ലോജിസ്റ്റിക്സ് ആൻഡ് മാരിടൈം, ഐ.റ്റി, ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിംഗ്, ഗ്ലോബൽ കാപബിലിറ്റി സെന്റർ, ബയോടെക്നോളജി ആൻഡ് മെഡിക്കൽ ഡിവൈസ്, ഫിൻടെക്, ഇലക്ട്രിക് വെഹിക്കിൾസ്, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, ഫുഡ് പ്രോസസിംഗ് ആൻഡ് ഫുഡ് ടെക്നോളജി തുടങ്ങിയ മേഖലകൾക്കാണ് ഉച്ചകോടിയിൽ ഊന്നൽ കൊടുക്കുന്നത്. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി തുടങ്ങിയ വൻകിട പ്രോജക്ടുകളും ഉച്ചകോടിയുടെ ഭാഗമാണ്.

### വിപ്ലകരമായ രീതിയിൽ നിക്ഷേപം വരും: മന്ത്രി പി.രാജീവ്



കേരളം പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിക്ഷേപക സംഗമം സംസ്ഥാനത്തിന്റെ വ്യവസായ രംഗത്ത് വിപ്ലവകരമായ വിധത്തിൽ നിക്ഷേപങ്ങൾ ആകർഷിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പറഞ്ഞു. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ രാജ്യത്തുതന്നെ ഒന്നാമതുള്ള കേരളം പല ലോകോത്തര കമ്പനികളുടെയും നിക്ഷേപകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നിക്ഷേപക സംഗമം കടന്നുവരുന്നത് എന്നത് അനുകൂലഘടകമാണ്. സമീപകാലങ്ങളിലായി നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ വ്യവസായ മേഖലകളിൽ കേരളത്തിലേക്ക് കടന്നുവരുന്ന വലിയ നിക്ഷേപങ്ങളും കേരളം ആഗോള കമ്പനികളുടെ ലക്ഷ്യസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ്.

### മുന്നേറ്റത്തിന് അടിത്തറ പാകുന്ന മുന്നൊരുക്കങ്ങൾ

ആഗോള നിക്ഷേപക സംഗമത്തിനായി മികച്ച മുന്നൊരുക്കങ്ങളാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. ഇതിനോടകം ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ പ്രധാന നഗരങ്ങളിൽ സംരംഭകരുമായി സംയോജിച്ച് റോഡ് ഷോകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ശേഷം വിവിധ വിദേശ രാജ്യങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എ.ഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ്, മാരിടൈം ആന്റ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ, ഫുഡ് ടെക് കോൺക്ലേവ്, ഇന്റർനാഷണൽ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് കോൺക്ലേവ്, വേസ്റ്റ് മാനേജ്മെന്റ് ആന്റ് റീസൈക്ലിങ്ങ് കോൺക്ലേവ് എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.